## തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

### സംഗ്രഹം

ശബരിമല മണ്ഡലം-മകരവിളക്ക് മഹോത്സവം- ശബരിമല, പമ്പ നിലയ്ക്കൽ എന്നിവിടങ്ങളിൽ മെസ്സുകളുടെ പ്രവർത്തനം ഉപയോഗിക്കുന്ന ഉൽപന്നങ്ങളുടെ ഗുണമേൻമ ഉറപ്പാക്കുന്നത് സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ. Roc. 12/2016/Sab തിരുവനന്തപുരം, തീയതി 21/03/2016

---

പരാമർശം : 02/03/2016 ലെ കോൺഫറൻസ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്ത് വച്ച് കൂടിയ യോഗത്തിൽ ശബരിമല, പമ്പ നിലയ്ക്കൽ എന്നിവിടങ്ങളിൽ **മെസ്സുകളിൽ** ഗുണ മേൻമയുള്ള ഉൽപന്നങ്ങൾ മാത്രമേ ഉപയോഗുക്കുന്നുള്ളു എന്ന് ഉറപ്പാക്കുന്നതിനും **പ്രവർത്തനം** കാര്യക്ഷമമാക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം തീരുമാനിച്ച് ഉത്തരവാകുന്നു.

### ഉത്തരവ്

സ്പെഷ്യൽ ഡ്യൂട്ടി നിർവഹിക്കുന്ന ജീവനക്കാരുടെയും വിവിധ സംഘടനകളുടെയും നിരന്തരമായ ആവശ്യം പരിഗണിച്ച്

**a)** മെസ്സുകളിൽ വൈകുന്നേരം ചപ്പാത്തിയും, കറിയും കൂടി നൽകുന്നതിന് തീരുമാനിച്ചു, ആയതിലേയ്ക്ക് ചപ്പാത്തി മേക്കർ, വെജിറ്റബിൾ കട്ടർ തുടങ്ങിയവ സപ്ലൈ ചെയ്യുന്നതിന് തീരുമാനിച്ചു. ആവശ്യമായ മെഷ്യനറീസ് ഉടൻ സപ്ലൈ ചെയ്യുന്നതിന് ദേവസ്വം ചീഫ് എൻജിനീയറെ (ജനറൽ) ചുമതലപ്പെടുത്തി.

**b)** മെസ്സുകളിലേക്ക് ആവശ്യമായി വരുന്ന അസംസ്കൃത സാധനങ്ങൾ പച്ചക്കറി ഉൾപ്പടെ ഡിപ്പാർട്ടുമെന്റിൽ നിന്നും നേരിട്ട് സപ്ലേ ചെയ്യുന്നതിനു തീരുമാനിച്ചു. ഇതിലേക്ക് ആവശ്യമായ ഐറ്റങ്ങളുടെ വിവരം മുൻകൂട്ടി അറിഞ്ഞ് യഥാസമയം സപ്ലേക്കുള്ള നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തി.

**c)** പാചകക്കാർക്ക് ന്യായമായ വേതനം നൽകികൊണ്ട് പലവേല ക്ലീനിംഗ് വിഭാഗത്തിന്റെ എണ്ണം പരിമിതപ്പെടുത്തുന്നതിനു തീരുമാനിച്ചു. ഈ വിഭാഗത്തിൽ നിയോഗിക്കപ്പെടുന്നവരുടെ നിലവിലെ ജോലിഭാരം സംബന്ധിച്ചു പഠിച്ച് ഇതു സംബന്ധിച്ച റിപ്പോർട്ട് രണ്ടാഴ്ചക്കകം സമർപ്പിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ഓഫീസറെ ചുമതലപ്പെടുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)
സെക്രട്ടറി

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം ചീഫ് എൻജിനീയർ (ജനറൽ)
3. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
4. എക്സിക്യൂട്ടീവ് എൻജിനീയർ,പമ്പ
5. അസിസ്റ്റന്റ് എൻജിനീയർ,ശബരിമല,പമ്പ, നിലയ്ക്കൽ
6. മരാമത്ത് സെക്ഷൻ
7. ഇ.ഡി.പി (വെബ് സൈറ്റ്)
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

21..03.2016
Vgk